## വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്

നമ്പർ.ഇ1/119/2022/ഐ&പി.ആർ

27-9-2023, തിരുവനന്തപുരം

## വിജ്ഞാപനം

വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖേന നടത്തുന്ന പ്രോജക്ടിലേക്ക് വിവിധ വകുപ്പുതലത്തിൽ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് സോഷ്യൽ മീഡിയ കണ്ടന്റുകൾ തയ്യാറാക്കുന്നതിന് സോഷ്യൽ മീഡിയ ക്രിയേറ്റീവ് അസിസ്റ്റന്റുമാരെയും ഡിസൈനർമാരെയും കരാർ അടിസ്ഥാനത്തിൽ ഒരുവർഷ കാലയളവിലേക്ക് നിയോഗിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.

അപേക്ഷകൾ 2023 ഒക്ടോബർ 25 നകം www.careers.cdit.org എന്ന പോർട്ടലിലൂടെ ഓൺലൈനായി സമർപ്പിക്കണം. ഓൺലൈനിലൂടെയല്ലാതെ മറ്റ് മാർഗ്ഗങ്ങളിലൂടെ അപേക്ഷിക്കുന്ന അപേക്ഷ പരിഗണിക്കുന്നതല്ല. അപേക്ഷകന്റെ ഫോട്ടോ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം തിരിച്ചറിയൽ രേഖ, കരിക്കുലം വിറ്റ എന്നിവ അപേക്ഷയിൽ ഉൾപ്പെടുത്തണം. സോഷ്യൽമീഡിയ ക്രിയേറ്റീവ് അസിസ്റ്റന്റ് വിഭാഗത്തിൽ 20 ഒഴിവുകളും ഡിസൈനർ വിഭാഗത്തിൽ 4 ഒഴിവുകളുമാണുള്ളത്. സോഷ്യൽ മീഡിയ ക്രിയേറ്റീവ് അസിസ്റ്റന്റിന്റെ പ്രതിമാസ വേതനം 20,000/- രൂപയും, ഡിസൈനർമാരുടെ പ്രതിമാസ വേതനം 24,000 /- രൂപയുമാണ്

**വിഭാഗം, യോഗ്യത, പ്രവൃത്തിപരിചയം, അഭിലഷണീയ യോഗ്യത എന്ന ക്രമത്തിൽ ചുവടെ :**

**സോഷ്യൽമീഡിയ ക്രിയേറ്റീവ് അസിസ്റ്റന്റ്**

ബിരുദവും ജേർണലിസത്തിൽ ബിരുദാനന്തര ബിരുദം/പി.ജി ഡിപ്ലോമ, മൊബൈൽ ജേർണലിസത്തിലെ അറിവ്, മാധ്യമ പ്രവർത്തനത്തിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രവൃത്തിപരിചയം, സോഷ്യൽ മീഡിയ പ്രവൃത്തി പരിചയം അഭികാമ്യം.

**ഡിസൈനർ**

പ്ലസ് ടു, ഡിസൈനിംഗിൽ കുറഞ്ഞത് രണ്ട് വർഷത്തെ പ്രവൃത്തിപരിചയം, ഡിസൈനിംഗ് സോഫ്റ്റ് വെയറുകളിൽ അറിവ്, ആശയം ലഭിച്ചാൽ സ്വന്തമായി ഡിസൈൻ ചെയ്യാനുള്ള പരിജ്ഞാനം അനിവാര്യം, വീഡിയോ എഡിറ്റിംഗിൽ പരിചയമുള്ളവർക്ക് മുൻഗണന.

## പൊതു നിർദ്ദേശങ്ങൾ

1. അപേക്ഷകൾ ഓൺലൈനായി മാത്രമേ സമർപ്പിക്കാനാകൂ.

2. 40 വയസ്സാണ് അപേക്ഷകന്റെ/അപേക്ഷകയുടെ ഉയർന്ന പ്രായപരിധി (വിജ്ഞാപനം നൽകുന്ന തീയതി കണക്കാക്കി)

3. അപേക്ഷകർ ശ്രദ്ധാപൂർവം ഓൺലൈൻ അപേക്ഷയിലെ വിവരങ്ങൾ രേഖപ്പെടുത്തണം. അപേക്ഷ ഓൺലൈനായി സമർപ്പിച്ചു കഴിഞ്ഞാൽ മാറ്റങ്ങൾ വരുത്താൻ സാധ്യമല്ല.

4. സർക്കാർ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ അംഗീകരിച്ച യൂണിവേഴ്സിറ്റി/ബോർഡ്/സ്ഥാപനം എന്നിവിടങ്ങളിൽനിന്നുള്ള വിദ്യാഭ്യാസ യോഗ്യതയാണ് വേണ്ടത്.

5. അപേക്ഷിക്കുന്ന സമയത്ത് അംഗീകൃത ഡിഗ്രി/പി.ജി./പ്രൊവിഷണൽ സർട്ടിഫിക്കറ്റുകൾ ഉദ്യോഗാർഥികൾക്ക് ഉണ്ടായിരിക്കണം.

6. നിശ്ചിത യോഗ്യത നേടിയ ശേഷമുള്ള പ്രവൃത്തിപരിചയം മാത്രമേ പരിഗണിക്കുകയുള്ളൂ.

7. അപേക്ഷകർക്ക് വ്യക്തിഗത ഇ-മെയിൽ ഐ.ഡി, മൊബൈൽ നമ്പർ എന്നിവ ഉണ്ടായിരിക്കണം. ഇവ നിയമന നടപടികൾ പൂർത്തിയാകുന്നതുവരെ പ്രവർത്തനക്ഷമമായിരിക്കണം. എല്ലാ ഔദ്യോഗിക അറിയിപ്പുകളും ഇ-മെയിൽ മുഖേനയായിരിക്കുന്നതാണ്.

8. സർട്ടിഫിക്കറ്റുകൾ/തിരിച്ചറിയൽ രേഖ എന്നിവയിലെ അതേ രീതിയിലാകണം അപേക്ഷകരുടെ പേര് അപേക്ഷയിൽ രേഖപ്പെടുത്തേണ്ടത്. മാറ്റമുണ്ടെങ്കിൽ അപേക്ഷ പരിഗണിക്കുന്നതല്ല.

9. അപേക്ഷകർക്ക് നിശ്ചിത യോഗ്യതക്ക് തത്തുല്യമായ മറ്റ് യോഗ്യതയാണുള്ളതെങ്കിൽ അതു സംബന്ധിച്ച ഇക്വലൻസി സർട്ടിഫിക്കറ്റ് യോഗ്യതാ സർട്ടിഫിക്കറ്റിനൊപ്പം സമർപ്പിക്കേണ്ടതാണ്.

10. അപേക്ഷകർ സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്ന് പിന്നീട് കണ്ടെത്തുകയാണെങ്കിൽ നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

11. തെറ്റായ വിവരങ്ങൾ സമർപ്പിച്ച അപേക്ഷകരെ നിയമന പ്രക്രിയയിൽ നിന്ന് ഒഴിവാക്കുന്നതാണ്. തുടർന്നുള്ള നിയമനപ്രക്രിയകൾക്ക് അപേക്ഷകരെ പരിഗണിക്കുന്നതല്ല.

12. പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിന് പകരം നിയമന ഉത്തരവ്, സാലറി സ്ളിപ്പ്, പേസ്ളിപ്പ് തുടങ്ങിയ രേഖകൾ പരിഗണിക്കുന്നതല്ല.

13. യോഗ്യത, പ്രവൃത്തിപരിചയ സംബന്ധമായി കൂടുതൽ രേഖകൾ എന്നിവ ആവശ്യമെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെടുന്നതിന് ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

14. ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് ഡയറക്ടർക്ക് വിജ്ഞാപനം ഏതുഘട്ടത്തിലും റദ്ദാക്കാനുള്ള അധികാരമുണ്ട്. വിജ്ഞാപനത്തിൽ ഏതെങ്കിലും ചില വിഭാഗത്തിലേക്ക് മാത്രമായി നിയമനം നടത്താനും ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

15. കരാർ അടിസ്ഥാനത്തിലായിരിക്കും നിയമനം. അപേക്ഷകന് സ്ഥിരനിയമനത്തിനുള്ള ക്ലെയിം ഉണ്ടായിരിക്കുന്നതല്ല.

16. എഴുത്തുപരീക്ഷ/ഇന്റർവ്യൂ അടിസ്ഥാനമാക്കി ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയ അപേക്ഷകരുടെ പട്ടിക careers.cdit.org ൽ പ്രസിദ്ധീകരിക്കുന്നതാണ്. അന്തിമപ്പട്ടിക careers.cdit.org യിലും prd.kerala.gov.in ലും പ്രസിദ്ധീകരിക്കുന്നതാണ്.

17. ഇ-മെയിൽ മുഖേനയോ എസ്.എം.എസ് മുഖേനയോ അയക്കുന്ന അറിയിപ്പുകൾ അപേക്ഷകർക്ക് ലഭ്യമല്ലാതെ വന്നാൽ വിവര പൊതുജന സമ്പർക്ക വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

18. എഴുത്തുപരീക്ഷ, ഇന്റർവ്യൂ എന്നിവയിൽ പങ്കെടുക്കുന്നതിന് യാത്രാബത്തയോ അലവൻസുകളോ അനുവദിക്കുന്നതല്ല.

സുഭാഷ് ടി.വി ഐ.എ.എസ്
ഡയറക്ടർ